# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: *742

07.11.2016 - ൽ
മറുപടിക്ക്

### ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ, വിത്തുകൾ എന്നിവയുടെ ലഭ്യത ഉറപ്പുവരുത്താൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.സി.കെ.ശശീന്ദ്രൻ<br>ശ്രീ.കെ.ബാബു | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) കാർഷികോൽപ്പാദന രംഗത്തെ ഏറ്റവും അത്യന്താപേക്ഷിതവും അടിസ്ഥാനപരവുമായ ഘടകങ്ങളായ ഗുണനില വാരമുള്ള നടീൽ വസ്തുക്കൾ, വിത്തുകൾ തുടങ്ങിയവയുടെ വിപണിയിലുള്ള അപര്യാപ്തത ഉല്പാദനക്ഷമതയ്ക്ക് വെല്ലുവിളി ഉയർത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഇല്ല. കൃഷി വകുപ്പിന്റെ ഫാമുകൾ വഴി ഗുണനിലവാരമുള്ള നടീൽ വസ്തുക്കളും വിത്തുകളും ഉല്പാദിപ്പിച്ച് വിതരണം ചെയ്തു വരുന്നു. ഇതു കൂടാതെ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം (VFPCK), കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി (KSSDA) എന്നീ സ്ഥാപനങ്ങൾ വഴിയും കേരള കാർഷിക സർവ്വകലാശാല, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം (CPCRI), കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രം (CTCRI) മുതലായ കേന്ദ്ര ഗവൺമെന്റ് സ്ഥാപനങ്ങൾ വഴിയും ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ കർഷകർക്ക് വിതരണം ചെയ്തു വരുന്നു. |
| ബി) എങ്കിൽ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഇവയുടെ ലഭ്യത വിപണിയിൽ ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; | ബി) ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനായി 20 കോടിയുടെ പദ്ധതി പ്രവർത്തനങ്ങളാണ് 2016-17 വർഷത്തിൽ ആവിഷ്കരിച്ചിട്ടുള്ളത്. ഫാമുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, ടിഷ്യു കൾച്ചർ ലാബുകൾ, ടിഷ്യുകൾച്ചർ ഹാർഡനിംഗ്, പോളി ഹൗസുകൾ മറ്റു ഹൈടെക് ഫാമിംഗ് ടെക്നിക്കുകൾ വഴി ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്തു വരുന്നു. കൂടാതെ കേരള കാർഷിക സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങളിലും കോളേജുകളിലും വിത്ത് നടീൽ വസ്തുകളുടെ ഉത്പാദനം വർദ്ധിപ്പിക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| സി) കൃഷി ഫാമുകൾ നവീകരിച്ച് ഹൈടെക് ഫാമിംഗിനായുള്ള നൂതന കാർഷിക സാങ്കേതിക വിദ്യകളുടെ പ്രചാരണ കേന്ദ്രങ്ങളാക്കി മാറ്റുമോ; | സി) കൃഷി വകുപ്പിലെ സാധ്യമായ ഫാമുകളിൽ ഹൈടെക് ഫാമിംഗിനായുള്ള നൂതന കാർഷിക സാങ്കേതികവിദ്യകൾ പ്രചരിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്. കേരള കാർഷിക സർവ്വകലാശാലയുടെ തിരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ (വെള്ളാനിക്കര, മണ്ണുത്തി, തവനൂർ, ആനക്കയം, അമ്പലവയൽ) ഹൈടെക് ഫാമിങ്ങിനായുള്ള നൂതന കാർഷിക സാങ്കേതിക വിദ്യകളുടെ ഗവേഷണവും പ്രചാരണവും നടത്തിവരുന്നുണ്ട്. |
| ഡി) സംസ്ഥാനത്തെ കൃഷി ഫാമുകളിൽ ഗ്രീൻഹൗസ്, ജലസേചന സൗകര്യങ്ങൾ, ടിഷ്യുകൾച്ചർ യൂണിറ്റ്, വിത്ത് ശേഖരണം, വിത്ത് സംസ്കരണം തുടങ്ങിയവ നടപ്പിലാക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുമോയെന്ന് വ്യക്തമാക്കാമോ? | ഡി) സംസ്ഥാനത്തെ കൃഷി ഫാമുകളിൽ ഗ്രീൻ ഹൗസ്, ജലസേചന സൗകര്യങ്ങൾ, ടിഷ്യു കൾച്ചർ യൂണിറ്റ്, വിത്തു ശേഖരണം, വിത്തു സംസ്കരണം എന്നിവയുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ